"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - വലിയതുറ പോർട്ട് കോമ്പൗണ്ടിന്റെ സംരക്ഷണഭിത്തി നിർമ്മാണം - ബഹു. ഹൈക്കോടതി മുമ്പാകെ M/s Minartech Developers Pvt. Ltd മാനേജിംഗ് ഡയറക്ടർ ശ്രീ. പി.എം. ലത്തീഫ് ഫയൽ ചെയ്ത WP(C)29773/2023 നമ്പർ കേസിന്റെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.154/2024/F&P തീയതി,തിരുവനന്തപുരം, 10-03-2024

---

പരാമർശം:-
1. M/s Minartech Developers Pvt. Ltd മാനേജിംഗ് ഡയറക്ടറുടെ 10/8/2023 തീയതിയിലെ 02/MD/HE/2021 നമ്പർ കത്ത്.
2. ബഹു ഹൈക്കോടതിയുടെ WP(C)No.29773/2023 കേസിലെ 12/9/2023 ലെ വിധിന്യായം
3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06/01/2024 തീയതിയിലെ എച്ച്.ഇ.സി.ഇ/424/2023/(ഡി1) നമ്പർ കത്ത്.

## ഉത്തരവ്

ബഹു. ഹൈക്കോടതി മുമ്പാകെ M/s Minartech Developers Pvt. Ltd മാനേജിംഗ് ഡയറക്ടർ ശ്രീ. പി.എം. ലത്തീഫ് ഫയൽ ചെയ്ത WP(C) 29773/2023 നമ്പർ കേസിന്റെ പരാമർശം (2)ലെ വിധിന്യായത്തിൽ പെറ്റീഷണർ സർക്കാർ മുൻപാകെ സമർപ്പിച്ച Exhibit P4 ഹർജിയിൽ വിധി പകർപ്പ് ലഭിച്ച് മൂന്നു മാസത്തിനകം പരാതിക്കാരനെ നേരിൽ കേട്ടശേഷം തീർപ്പു കല്പിക്കുവാനും, പരാതിക്കാരന് അർഹതയുള്ളപക്ഷം നാല് മാസത്തിനകം ആവശ്യപ്പെട്ട തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

2. ബഹു ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി 14.11.2023 ന് പരാതിക്കാരനെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിൽ കേൾക്കുകയുണ്ടായി.

3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു വേണ്ടി വലിയതുറ പോർട്ട് സംരക്ഷണ

ഭിത്തിയുടെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തു നടത്തിയതിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരുടെ വാക്കാലുള്ള നിർദ്ദേശപ്രകാരം ചെയ്ത താഴെ പറയുന്ന പ്രവർത്തികളുടെ തുക അനുവദിക്കണം എന്ന് പരാതിക്കാരൻ പരാമർശം (1)ലെ നിവേദനത്തിൽ (Ext.P4) ആവശ്യപ്പെട്ടിട്ടുണ്ട്.

i) അപ്പെൻഡിക്സ് ഇനമായ 1.12 ഇനം ചെയ്യാൻ പറഞ്ഞിരുന്നത്, ഫൗണ്ടേഷൻ കുഴിക്കുമ്പോൾ ലഭിക്കുന്ന മണ്ണ് കൊണ്ട് ബാക്ക് ഫില്ലിംഗ് ചെയ്യുവാനായിരുന്നു. ടി ഇനം ചെയ്യുന്നതിന് ഫൗണ്ടേഷൻ കുഴിക്കുന്ന മണ്ണ് ലഭ്യമായിരുന്നില്ല. അപ്പെന്റിക്സ് ഇനം 1.13 ചെയ്യാൻ പറഞ്ഞിരുന്നത്, കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ ഗ്രാവൽകൊണ്ട് ഫില്ലിംഗ് ചെയ്യാനായിരുന്നു. ഐറ്റം നമ്പർ 1.12 ഉം ഗ്രാവൽ കൊണ്ടുവന്ന് ഫില്ലിംഗ് ചെയ്യുകയാണ് ചെയ്തത്. ഡിപ്പാർട്ട്മെന്റ് തന്ന തുക ഐറ്റം നമ്പർ 1.12 ൽ ഡിപ്പാർട്ട്മെന്റ് അനുവദിച്ച തുകയാണ് എന്നാൽ അപ്പെന്റിക്സ് 1.13 ഇനത്തിൽ ഉൾപ്പെടുന്ന തുകയാണ് ലഭ്യമാകേണ്ടിയിരുന്നത്. തന്റെ ഉത്തവാദിത്വത്തിൽ കൊണ്ടുവന്ന ഗ്രാവൽ ഫില്ലിങ്ങിന്റെ തുകയാണ് രണ്ട് ഇനത്തിലും ലഭ്യമാവേണ്ടിയിരുന്നത് . ടി വകയിൽ 30,00,000 (മുപ്പത് ലക്ഷം) രൂപ ഡിപാർട്ട്മെന്റിന്റെ പക്കൽനിന്നും കിട്ടേണ്ടതുണ്ട് .

ii) ഫൗണ്ടേഷൻ വർക്കുകൾ ചെയ്യുന്നതിന് കുഴി എടുത്തുകൊണ്ടിരുന്നപ്പോൾ കടലിൽ നിന്നും തിര വന്നിടിച്ച് ഫൗണ്ടേഷൻ വർക്ക് സാധ്യമല്ലാത്ത അവസ്ഥയായിരുന്നു. ടി സന്ദർഭത്തിൽ സൈറ്റ് വിസിറ്റിംഗ് നടത്തിയ ഉദ്യോഗസ്ഥർ വെള്ളം തടഞ്ഞു നിർത്തുന്നതിന് ബണ്ട് ഇടുവാനും ഫൗണ്ടേഷനിൽ വന്നു ചേർന്ന വെള്ളം പമ്പ് ചെയ്ത് കളയുവാനും അതിനു വേണ്ട തുക റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിത്തരാമെന്നും പറഞ്ഞിരുന്നു. ടി ബണ്ട് ഇടുന്ന പ്രവർത്തിയും ബേയിൽ ഔട്ട് വാട്ടർ പ്രവർത്തിയും ചെയ്തതിന് 25,00,000 (ഇരുപത്തഞ്ചു ലക്ഷം ) രൂപ ചിലവായിട്ടുണ്ട്

iii) ഫൗണ്ടേഷൻ വർക്കിന് ഫൗണ്ടേഷൻ എടുക്കുമ്പോഴും മഴക്കാലം ആയതിനാൽ തിര വന്ന് അടിക്കുന്നത് കാരണം ഇടിഞ്ഞു പോവുകയായിരുന്നു. ഫൗണ്ടേഷന്റെ ഇടിച്ചിൽ അധിക ഫൗണ്ടേഷൻ വർക്ക് ചെയ്തതിനും സ്റ്റോറിങ് വർക്ക് ചെയ്തതിനും തുക തന്നിട്ടില്ല. 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയുടെ പ്രവർത്തി ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് ബ്ലോക്ക് പ്ലെയ്സ് ചെയ്യുന്നതിന് ഫൗണ്ടേഷൻ മൊത്തം മണ്ണിടിച്ചിൽ ഉണ്ടായതിനാൽ അധിക ക്രെയിനും എസ്കവേറ്ററും വച്ച് ഒരു കോൺക്രീറ്റ് ബ്ലോക്ക് മൂന്ന് പ്രാവശ്യം വച്ച് അടുക്കി വയ്ക്കേണ്ടി വന്നു. ഒരു കോൺക്രീറ്റ് ബ്ലോക്ക് സ്ഥാപിക്കുന്നതിന് 4,100 /- (നാലായിരത്തി ഒരുന്നൂറ് രൂപ ) ചിലവ് വന്നിരുന്നതാണ്. ഡിപ്പാർട്ട്മെന്റ് അപ്പെന്റിക്സ് ഐറ്റം 1.11 ൽ ടി ഇനത്തിന് അനുവദിച്ചത് ഒരു കോൺക്രീറ്റ് ബ്ലോക്കിന് 665.15 രൂപയാണ്. എന്നാൽ അപ്പെന്റിക്സ് ഷെഡ്യൂളിൽ പറയുന്നതിൽ നിന്നും ഉപരിയായി ടി പ്രവർത്തി ഒന്നിൽ മേൽ മൂന്നും മൂന്നിൽ കൂടുതൽ പ്രാവശ്യം സൈറ്റ് കണ്ടിഷൻ അനുസരിച്ച് ചെയ്യേണ്ടിവന്നതിനാൽ ആകെ ടി ഇനത്തിൽ മാത്രമായിട്ട് 15,50,000/- (പതിനഞ്ച് ലക്ഷത്തി അൻപതിനായിരം)രൂപ അനുവദിക്കണം. മേല്പറഞ്ഞ നാല് വർക്കുകൾക്ക് 85,50,000/- (എൺപത്തിഅഞ്ചുലക്ഷത്തി അൻപതിനായിരം) രൂപ അധികം ചിലവായിട്ടുണ്ട്. പ്രസ്തുത തുക റിവൈസ് എസ്റ്റിമേറ്റ് പാസ്സാക്കി അധികരിച്ച

തുക പ്രവർത്തി അളന്ന് തിട്ടപ്പെടുത്തി M-Book ൽ രേഖപ്പെടുത്തിത്തരാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ സാന്നിധ്യത്തിൽ പൂർത്തീകരിച്ചത്. ഒരു എഞ്ചിനീയറെ നിയമിച്ച് അധികമായി ചെയ്ത പ്രവർത്തി തന്റെ സാന്നിധ്യത്തിൽ പരിശോധിച്ച് മുകളിൽ പറഞ്ഞ ഐറ്റംസിന്റെ വ്യത്യാസം മനസ്സിലാക്കി അളന്ന് തിട്ടപ്പെടുത്തി രേഖപ്പെടുത്തി തനിക്ക് കിട്ടുവാനുള്ള തുകയായ 85,50,000/- (എൺപത്തഞ്ചു ലക്ഷത്തി അൻപതിനായിരം ) രൂപയും അതിന്റെ 18 % GST യും താമസിച്ച കാലാവധിക്കുള്ള ബാങ്കിൽ നൽകേണ്ട ബിൽ തുകയ്ക്കുള്ള പലിശയും ഉൾപ്പെടെ നൽകണം.

4. പരാമർശം (3) പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച വിശദാംശങ്ങൾ താഴെ പറയുന്നു.

i) ടി പ്രവർത്തിയിലെ Earthwork Escavation, അംഗീകരിച്ച ഡ്രോയിംങ് പ്രകാരം സൈറ്റിൽ ഏർപ്പാടാക്കിയ അളവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ M-Book ൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് കരാറുകാരൻ അളവുകൾ അംഗീകരിച്ചത് പ്രകാരം final payment നല്കിയിട്ടുള്ളതാണ്. കൂടാതെ ഫില്ലിംഗ് ക്വാണ്ടിറ്റിയുടെ initial level, final level എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ LF Book ൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ check levels എടുത്ത് കരാറുകാരൻ അംഗീകരിച്ചത് പ്രകാരമാണ് payment നൽകിയിട്ടുള്ളത്. ആയതിനാൽ കരാറുകാരന്റെ ആവശ്യം അംഗീകരിക്കുവാൻ നിർവാഹമില്ല.

ii ) കരാറിലെ Additional Special Conditions ലെ clause -5 വ്യവസ്ഥ പ്രകാരം Ring bunding, Bailing out water, shoring എന്നിവക്കുള്ള തുക പ്രത്യേകമായി അനുവദിക്കുവാൻ സാധിക്കുകയില്ല. ടെൻഡറിൽ പങ്കെടുക്കുമ്പോൾ കരാറുകാരൻ സൈറ്റ് പരിശോധിച്ച് ഈ ഇനങ്ങൾ കൂടി പരിഗണിച്ച് നിരക്ക് രേഖപ്പെടുത്തുവാൻ ബാദ്ധ്യസ്ഥനാണ് . കരാറിൽ ഒപ്പിട്ടതിനു ശേഷം ഈ ഇനങ്ങൾ പുതുതായി ഉൾപ്പെടുത്തുവാൻ സാധ്യമല്ല.

iii) കോൺക്രീറ്റ് ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനും കോൺക്രീറ്റ് ബ്ലോക്ക് കാസ്റ്റ് ചെയ്യുന്നതിനും ആയത് സൈറ്റിൽ സ്ഥാപിക്കുന്നതിനും പ്രത്യേകം പ്രൊവിഷൻ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചിരുന്നത്. ആയത് പ്രകാരമാണ് കരാറുകാരന് payment നൽകിയിട്ടുള്ളത്. നിരക്ക് ക്വാട്ട് ചെയ്യുന്നതിന് മുൻപ് സൈറ്റ് പരിശോധിച്ച് മതിയായ നിരക്ക് ക്വാട്ട് ചെയ്യുന്നതിനുപകരം കരാറിൽ ഏർപ്പെട്ടു പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷം കൂടുതൽ നിരക്ക് ആവശ്യപ്പെടുന്നത് അംഗീകരിക്കുവാൻ സാധ്യമല്ല.

iv) ടി പ്രവർത്തിയുടെ ഫില്ലിംങിനായി അസിസ്റ്റന്റ് എഞ്ചിനീയർ initial level എടുത്ത് LF Book ൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് ലെവൽ എടുത്ത ശേഷം കരാറുകാരൻ അംഗീകരിച്ചത് പ്രകാരമാണ് final payment നൽകിയിരിക്കുന്നത്. ആയതിനാൽ കരാറുകാരന്റെ വാദം അംഗീകരിക്കുവാൻ

നിർവാഹമില്ല.

v) ടി പ്രവർത്തിയുടെ കരാർ ഷെഡ്യൂളിൽ GST ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി പ്രവർത്തിയുടെ ബിൽ തുകയോടൊപ്പം GST നൽകണമെന്ന കരാറുകാരന്റെ വാദം അംഗീകരിക്കുവാൻ സാധിക്കുകയില്ല.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വലിയതുറ പോർട്ട് കോമ്പൗണ്ടിന്റെ സംരക്ഷണപ്രവർത്തി M/s.Minartech Developers Pvt. Ltd എന്ന കമ്പനി 2018-ൽ ആരംഭിച്ച് 2020-ൽ പൂർത്തിയാക്കി. എസ്റ്റിമേറ്റിൽ ഇല്ലാത്ത പ്രവർത്തികൾ ചെയ്യതിന് revised estimate -ൽ ഉൾപ്പെടുത്തി തുക അനുവദിക്കാം എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിരുന്നുവെന്നാണ് കരാറുകാരൻ അവകാശപ്പെടുന്നത്. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടു പരിശോധിച്ചതിൽ കരാറുകാരൻകൂടി അളവുകൾ അംഗീകരിച്ച പ്രകാരമാണ് പേയ്മെന്റ് നടത്തിയിട്ടുള്ളതെന്നു കാണുന്നു. കൂടാതെ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ കരാറുകാരൻ നിരക്ക് ക്വാട്ടു ചെയ്യുന്നതിനു മുൻപ് സൈറ്റ് പരിശോധിച്ച് മതിയായ നിരക്ക് ക്വാട്ടു ചെയ്യേണ്ടതാണ്. അപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല. കരാറിൽ ഏർപ്പെട്ട് പ്രവർത്തി പൂർത്തീകരിച്ച ശേഷം നിരക്ക് കൂടുതൽ ആവശ്യപ്പെടുന്നത് അംഗീകരിക്കാനാകില്ല. കരാർ വ്യവസ്ഥ പ്രകാരം പൂർത്തീകരിച്ച എല്ലാ പ്രവർത്തികളുടെയും പേയ്മെന്റ് കരാറുകാരന് നൽകിയിട്ടുണ്ട്. കരാറുകാരൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ സമർപ്പിച്ച നിവേദനങ്ങളിന്മേൽ സമയബന്ധിതമായി ടിയാന് മറുപടി നൽകിയിട്ടുണ്ട്. 2020-ൽ പ്രവർത്തി പൂർത്തിയാക്കി കരാർ പ്രകാരമുള്ള തുക കൈപ്പറ്റിയശേഷം 2023-ൽ ആണ് അധികതുക ആവശ്യപ്പെട്ട് ഹർജി സർക്കാരിൽ സമർപ്പിക്കുന്നത്. സമയബന്ധിതമായി ഹർജി സമർപ്പിച്ചിട്ടില്ല. ആയതിനാൽ എം.ഡി, M/s.Minartech Developers Pvt. Ltd സർക്കാരിനു മുൻപാകെ സമർപ്പിച്ച പരാമർശം (1) ഹർജിയിലെ (Ext.P4) ആവശ്യങ്ങൾ പരിഗണിക്കുവാൻ സാധിക്കില്ല. ഹർജി നിരസിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

6. ബഹു. ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ശ്രീ. പി.എം. ലത്തീഫ് , മാനേജിംഗ് ഡയറക്ടർ , M/s Minartech Developers Pvt. Ltd

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം**

**അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള തിരുവനന്തപുരം**

**ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ**

സ.ഉ.(സാധാ) നം.154/2024/F&P

**പ്രസിദ്ധീകരിയ്ക്കുന്നതിന്**

**കരുതൽ ഫയൽ/ഓഫീസ് കോപ്പി**

ഉത്തരവിൻ പ്രകാരം

Signed by
Usha P Y
സെക്ഷൻ ഓഫീസർ
Date: 11-03-2024 10:56:53